# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/3160/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി..19-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോത്തുകല്ല് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.

നം. കെ.എസ്.എ.എം.പി.എം.3160/2016 തിയ്യതി:29-12-2016

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 16.11.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-11-2016 മുതൽ 23-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അജിത്.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. മറിയാമ്മ എബ്രഹാം | 01.04.2015 മുതൽ 31.10.2015 വരെ |
| സെക്രട്ടറി, വി.ഇ.ഒ , ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരുടെ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീ. സി.കരുണാകരൻപിള്ള | 19.11.2015മുതൽ 31.03.2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.എ.സി.മൊഹമ്മദ് | 01.04.2015 മുതൽ 28.07.2015 വരെ |
| ശ്രീ.ജോഫ്രി അൻസലം | 29.07.2015 മുതൽ 25.01.2016 വരെ |
| ശ്രീ.പി.കെ.മുരളീധരൻ | 26.01.2016 മുതൽ 31.03.2016വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.എ.സി.മൊഹമ്മദ് | 01.04.2015 മുതൽ 28.07.2015 വരെ |
| | ശ്രീ.ജോഫ്രി അൻസലം | 29.07.2015 മുതൽ 25.01.2016 വരെ |
| | ശ്രീ.പി.കെ.മുരളീധരൻ | 30.01.2016 മുതൽ 31.03.2016വരെ |
| അസി.സെക്രട്ടറി | ശ്രീ.ജോഫ്രി അൻസലം | 01.04.2015 മുതൽ 28.07.2015 വരെ |
| | ശ്രീ.ജെ.ഗിരീഷ്കുമാർ | 29.07.2015 മുതൽ 08.10.2015 വരെ |
| | ശ്രീ.പി.കെ.മുരളീധരൻ | 09.10.2015 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ശരത്.ബി.ജോഷി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനീഷ്.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രവി | 01.04.2015 മുതൽ 02.06.2016 വരെ |
| | ശ്രീ.ബേബി.പി.ജോർജ്ജ് | 03.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോമോൻ ജോസഫ് ഡാനിയൽ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റഷീന.ടി.പി | 01.04.2015 മുതൽ 30.06.2015 വരെ |
| | ഡോ.സനോജ് അബ്ദുൾ വഹാബ് | 01.07.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്ത.കെ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെന്നി സെബാസ്റ്റ്യൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. ജയൻ.കെ | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.e-mail: dompm.ksad@kerala.gov.in | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് - ഗ്രാമപഞ്ചായത്തിന് 589/-രൂപ നഷ്ടം. | 2-1 | |
| 13 | വാർത്താവിനിമയ ഗോപുരനിർമ്മാണം - കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കുകയോ ഗോപുരങ്ങൾക്ക് വസ്തുനികുതി ചുമത്തുകയോ ചെയ്തിട്ടില്ല. | 2-2 | |
| 14 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം. | 2-3 | |
| 15 | തൊഴിൽനികുതി - അപാകതകൾ. | 2-4 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | കോൺട്രിബ്യൂട്ടറി പെൻഷൻ --റിക്കവറി നടത്തിയത് തിരിച്ചു നൽകി. | 3-1 | |
| 17 | തെരുവു വിളക്ക് റിപ്പയർ--പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-2 | |
| 18 | തൊഴുത്തു നിർമ്മാണം--സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല. | 3-3 | |
| 19 | വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം-വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല. | 3-4 | |
| 20 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാഭ്യാസമേഖലയിൽ പണം ചെലവഴിച്ചു. | 3-5 | |
| 21 | ആശ്രയ പദ്ധതി | 3-6 | |
| 22 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ- അപാകതകൾ | 3-7 | |

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 23 | മരുന്ന് ലഭ്യമായില്ല. | 3-8 | |
| 24 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ. | 3-9 | |
| 25 | പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ ,നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 3-10 | |
| 26 | പ്രോജക്റ്റ്നം S0034 പി.എച്ച്.സിയുടെ വിവിധ ആരോഗ്യപ്രവർത്തനങ്ങൾ അപാകതകൾ | 3-11 | |
| 27 | ടെണ്ടർ കുറവ് പരിഗണിക്കാതെ പ്രവൃത്തിയുടെ തുക നൽകിയത് വഴി നഷ്ടം | 3-12 | |
| 28 | ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയ റോഡ്പ്രവൃത്തികൾ ടാർ വിലയിനത്തിൽ അധിക തുക നൽകി | 3-13 | |
| 29 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ അപാകതകൾ. | 3-14 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 31 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 28.03.2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി

സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 30.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക കണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ

1).ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല.

2).വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 (4) എ, ബി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4).ആസ്തികളുടെ മൂല്യം പൂർണ്ണമായി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29554808 |
| വരവ് | 46144871 |
| ആകെ | 75699679 |
| ചെലവ് | 59536843 |
| നീക്കിയിരുപ്പ് | 16162836 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 3824527 | 10206264 | 13881475 | 27912266 | 16006023 | 11906243 | 57.34 % |
| വികസന ഫണ്ട് (എസ്.സി.പി) | 376059 | *(-)376059 | 2028059 | 2028059 | 1399319 | 628740 | 69 % |
| വികസന ഫണ്ട് (ടി.എസ്.പി) | 1708177 | *(-)1344871 | 5197871 | 5561177 | 3829814 | 1731363 | 68.77 % |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ്) | 224619 | 0 | 3996000 | 4220619 | 4100582 | 120037 | 97.16 % |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1902855 | 0 | 4735000 | 6637855 | 3940621 | 2697234 | 59.36 % |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3715124 | *(-)5840334 | 11499236 | 9374026 | 9207228 | 166798 | 98.22 % |
| പെർഫോർമൻസ് ഗ്രാന്റ് | 4425000 | *(-)2645000 | 2645000 | 4425000 | 4423185 | 1815 | 99.96 % |
| എം.എൻ.ആർ. ഇ.ജി.എസ് | 0 | 0 | 2,31,96,042 | 23196042 | 2,31,69,896 | 26146 (അക്കൗണ്ടിൽ അവശേഷിക്കുന്നു.) | 99.89 % |
| ബി ഫണ്ട് | 0 | 0 | 29003300 | 29003300 | 29003300 | 0 | 100 |

* വികസന ഫണ്ട് (പൊതുവിഭാഗം) ത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് 5840334

പെർഫോർമൻസ് ഗ്രാന്റ് 2645000

വികസനഫണ്ട് (എസ്.സി.പി) 376059

വികസന ഫണ്ട് (ടി.എസ്.പി) 1344871

ആകെ 10206264

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 51051290 | 142 | 49829772 | 22 | 39 | 66.30 % |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3510240 | 2595008 | (-) 915232 | (-) 26.07 % |
| നികുതിയേതര വരവുകൾ | 596617 | 366520 | (-)230097 | (+)38.56 % |
| മറ്റുവരവുകൾ | 7220950 | 8270776 | (+) 1049826 | (+) 14.53 % |
| ആകെ | 11327807 | 11232304 | (-)95503 | (-)0.84 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 472440 | 264 |
| കർഷകതൊഴിലാളി പെൻഷൻ | 3408540 | 477 |
| വിധവാപെൻഷൻ | 11385760 | 1153 |
| വാർദ്ധക്യകാലപെൻഷൻ | 10537530 | 1499 |
| വികലാംഗപെൻഷൻ | 2987390 | 311 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 121640 | 13 |
| വിവാഹ ധനസഹായം | 90000 | 5 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2016 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19897/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമസഭാ സംഘാടനം

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ മുൻകൂട്ടി നിശ്ചയിക്കണമെന്നും, പൊതുസ്ഥലങ്ങളിലും, വാർത്താബോർഡുകളിലും പ്രദർശിപ്പിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം (സർക്കുലർ നം. 22675/എൽ3/99/തസ്വഭവ. തിയ്യതി. 03/08/2004) പാലിക്കുന്നില്ല. പ്രസ്തുത സർക്കുലറിൽ വർഷത്തിൽ നിർബന്ധമായും 4 ഗ്രാമസഭകൾ ചേരേണ്ടതാണെന്നും ഓരോ ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കപ്പെടുന്നില്ല.

ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്.

ഓരോ വാർഡിലും ലഭിച്ച അപേക്ഷകൾ പരിശോധന പൂർത്തിയാക്കി മുൻഗണനാക്രമം പാലിച്ച് ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് പ്രസിദ്ധീകരിച്ച് കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളുമെല്ലാം പൂർത്തിയാക്കി അന്തിമലിസ്റ്റ് തയ്യാറാക്കണം. ഈ ലിസ്റ്റാണ് പദ്ധതി അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിലുള്ള

ഗുണഭോക്തൃലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സുതാര്യത ഉറപ്പുവരുത്തേണ്ടത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, അംഗീകരിച്ച തിയ്യതി, ഭരണസമിതി തീരുമാനത്തിന്റെ നമ്പർ / തിയ്യതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2016 മുതൽ 21.10.2016 വരെ. | 01.09.2016 മുതൽ 30.09.2016 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ. | 2005 – 06 മുതൽ 2009 -10 വരെ. | 04.10.2010 എൽ.ബി.എ(എച്ച്.ക്യൂ)II/8A-1629/191 തി.30.09.2010. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് - ഗ്രാമപഞ്ചായത്തിന് 589/-രൂപ നഷ്ടം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 10 (xiii), ചട്ടം 132 എന്നിവ പ്രകാരം, പ്ലോട്ടിനുള്ളിലെ നിലവിലുള്ളതും നിർദ്ദിഷ്ടവും ഉൾപ്പെടെ എല്ലാ നിലകളിലും മൊത്തം നിർമ്മിതി വിസ്തീർണ്ണം 100

ച.മീ വരെയുള്ള കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലുള്ളതും രണ്ട് നിലകളിൽ പരിമിതപ്പെടുത്തിയതുമായ ഗ്രൂപ്പ് A1 ഏകകുടുംബ താമസാവശ്യകെട്ടിടങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല. ഇത് പ്രകാരം 2015-16 സാമ്പത്തിക വർഷം ശ്രീ. അബ്ദുൾ റസാഖ് & ജമീല, എരങ്ങോടൻ ഹൗസ്, മുണ്ടേരി.പി.ഒ എന്നവർ അപ്പൻഡിക്സ് A2 ൽ നിർണ്ണയിച്ചിട്ടുള്ള പ്രഫോർമയിൽ ജോലികളുടെ വിശദാംശങ്ങൾ സെക്രട്ടറിയെ അറിയിക്കുകയും, ആയത് പ്രകാരം സെക്രട്ടറി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സഹിതം കെട്ടിട നമ്പറിന് അപേക്ഷിച്ചപ്പോൾ ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 100 ച.മീറ്ററിൽ അധികരിച്ചതായി കാണുകയും, സെക്രട്ടറി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചതിൽ അധികരിച്ചുള്ള തറവിസ്തീർണ്ണത്തിന് മാത്രം ക്രമവത്കരണ ഫീസ് ഈടാക്കി വസ്തുനികുതി ചുമത്തി കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തു. 100 ച.മീറ്ററിൽ അധികരിച്ചുള്ള നിർമ്മാണത്തിന് ചട്ടം 132 പ്രകാരമുള്ള ആനുകൂല്യം ലഭ്യമല്ലാത്തതിനാൽ മുഴുവൻ നിർമ്മാണത്തിനും ക്രവത്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തത് മൂലം ഗ്രാമപഞ്ചായത്തിന് 589/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേരും വിലാസവും | ശ്രീ. അബ്ദുൾ റസാഖ് & ജമീല, എരങ്ങോടൻ ഹൗസ്, മുണ്ടേരി.പി.ഒ |
| നിരാക്ഷേപസാക്ഷ്യപത്രത്തിന്റെ നമ്പർ/തിയ്യതി. | A3.1874/125/14 തി. 02.04.2014 |
| നിരാക്ഷേപസാക്ഷ്യപത്രകാരമുള്ള തറവിസ്തീർണ്ണം | 98.19 ച.മീ |
| കംപ്ലീറ്റഡ് പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം | 108.95 ച.മീ |
| ഈടാക്കേണ്ട ക്രമവത്കരണ ഫീസ് (108.95 * 6) | 654/- രൂപ. |
| ഈടാക്കിയ ക്രമവത്കരണ ഫീസ് (10.76 * 6) | 65/- രൂപ. |
| ഈടാക്കിയതിൽ കുറവ് | 589/- രൂപ. |
| അനുവദിച്ച കെട്ടിടനമ്പർ | PP II/243 B |
| കെട്ടിടനമ്പർ അനുവദിച്ച തിയ്യതി | 08.07.2015 |

ക്രമവത്കരണ ഫീസിനത്തിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 വാർത്താവിനിമയ ഗോപുരനിർമ്മാണം - കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കുകയോ ഗോപുരങ്ങൾക്ക് വസ്തുനികുതി ചുമത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ വർഷങ്ങളിലായി പെർമിറ്റ് നൽകിയ വാർത്താവിനിമയ ഗോപുരങ്ങൾ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി നമ്പർ അനുവദിക്കുന്നതിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | പെർമിറ്റ് നമ്പർ / തിയ്യതി |
|---|---|---|
| 1 | ശ്രീ.പ്രേം കൃഷ്ണൻ നായർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, എസ്.എൽ.അവന്യൂ, മരട്.പി.ഒ, എറണാകുളം | C5.448/08 തി. 29.11.2008 |
| 2. | ശ്രീ.പ്രേം കൃഷ്ണൻ നായർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, എസ്.എൽ.അവന്യൂ, മരട്.പി.ഒ, എറണാകുളം | C5.447/08 തി. 29.11.2008 |

| | | |
|---|---|---|
| 3. | ശ്രീ.പ്രേം കൃഷ്ണൻ നായർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, എസ്.എൽ.അവന്യൂ, മരട്.പി.ഒ, എറണാകുളം | A4.637/09 തി. 11.03.2009 |
| 4. | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, എസ്.എൽ.അവന്യൂ, കുണ്ടന്നൂർ, മരട്.പി.ഒ, കൊച്ചി. | C5.192/08 തി. 21.02.2008 |

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 130 പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. ചട്ടം 130 ഉപചട്ടം 7,9 എന്നിവ പ്രകാരം പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

പ്രസ്തുത ചട്ടത്തിലെ ചട്ടം 131 പ്രകാരം നിർമ്മാണം പൂർത്തിയായ ശേഷം അപേക്ഷകനും എഞ്ചിനീയറും പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതും, സെക്രട്ടറി ആയത് ബോദ്ധ്യപ്പെട്ടതിന് ശേഷം നമ്പർ നൽകി ഉപയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

എന്നാൽ അപേക്ഷകൻ ഒരു വർഷത്തിനുള്ളിൽ പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തതായി കാണുന്നില്ല. ഈ ടവറുകളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതും, നിർമ്മാണം പൂർത്തിയായ ഗോപുരങ്ങളുടെ കാര്യത്തിൽ പൂർത്തീകരണ തിയ്യതി മുതലുള്ള വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-3 ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം.

2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ/ തിയ്യതി | ഒരു ദിവസത്തെ വിറ്റുവരവ്/ യന്ത്രസാമഗ്രികളുടെ കുതിരശക്തി (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് ഇസ്മയിൽ, പാതിപ്പുലത്ത് ഹൗസ് ഉപ്പട.പി.ഒ | A7/5/2015 തി.04/04/2015 | 7000 | 200 | 100/- | 100/- |
| 2 | വിക്രമൻപിള്ള, ഈട്ടിവിള, പുത്തൻവീട് | A7/35/2015 തി.28/02/2015 | 15HP | 200 | 100 | 100/- |
| 3 | മോളി W/o.മത്തായി, മണപ്പാട്ട് വീട്, പാതാർ.പി.ഒ | A7/145/2015 തി.16/04/2015 | 15HP | 200/- | 100/- | 100/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | മിനി.കെ കാഞ്ഞിരവിള ഹൗസ് ഭൂദാനം.പി.ഒ | A7/183/2015 തി.05/06/2015 | 15HP | 200/- | 100/- | 100/- |
| 5 | സൈതലവി, കാഞ്ഞിരായിൽ, പാതാർ.പി.ഒ (റബ്ബർ വ്യാപാരം) | A7/204/2015 തി.12/08/2015 | 15000/- | 300/- | 100/- | 200/- |
| 6 | സൈതലവി, കാഞ്ഞിരായിൽ, പാതാർ.പി.ഒ | A7/205/2015 തി.12/08/2015 | 10000/- | 200/- | 100/- | 100/- |
| 7 | സി.ടി.അലി അക്ബർ ചേരാതൊടിക കുനിപ്പാല, ഭൂദാനം.പി.ഒ | A7/207/2015 തി.17/08/2015 | 16 HP | 200/- | 100/- | 100/- |
| 8 | അബ്രഹാം,, S/o.ജോസഫ്, ഇല്ലിക്കൽ, ആനക്കല്ല്. | A7/209/2015 തി.21/08/2015 | 15 HP | 200/- | 100/- | 100/- |
| ആകെ | | | | 1700 | 800 | 900 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 900/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി - അപാകതകൾ.

1. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | എ. ഐ. കോപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| | പോത്തുകൽ | |
| 2 | റബ്ബർ പ്ലാന്റേഷൻ കമ്പനി പോത്തുകൽ | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |

തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റബ്ബർ പ്ലാന്റേഷൻ കമ്പനിയിലെ ടാപ്പിംഗ് തൊഴിലാളികളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടാപ്പിംഗ് സൂപ്പർ വൈസർമാരായ ഗോപാലകൃഷ്ണൻ, പോൾസൺ ആന്റണി എന്നിവരുടെ തൊഴിൽ നികുതി മാത്രമേ അടവാക്കിയിട്ടുള്ളൂ. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. സി.എച്ച്.എസ്.എസ്.പോത്തുകല്ലിൽ ജോലിചെയ്യുന്ന താഴെ പറയുന്ന ജീവനക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച് ശമ്പളം കൈപ്പറ്റുന്ന മുറക്ക് നിയമാനുസൃതമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1.സൗമ്യ പ്രസാദ് .എച്ച് .എസ്.എ

2.സിജി.എം.യു . ,,

3.നിഷ.പി.പി . ,,

4.ഷീബ.കെ.എ . ,,

5.ജൂലിൻ ജോസഫ്. ,,

6.പ്രഭ്ന.കെ.എൻ. ,,

7.സജി മാത്യു. ,,

8.സുരേഷ് കുമാർ. എ.കെ. ,,

9.സിജോ ജോണി. പി .ഇ.ടി

10.ഷിനോജ് മാത്യു. എഫ്.ടി.എം

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കോൺട്രിബ്യൂട്ടറി പെൻഷൻ --റിക്കവറി നടത്തിയത് തിരിച്ചു നൽകി.

പഞ്ചായത്ത് ജീവനക്കാരായ ശ്രീ.അജിത്ത് കൃഷ്ണൻ,ശ്രീമതി.ശ്രീജ എന്നിവരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയിരുന്ന പെൻഷൻ കോൺട്രിബ്യൂഷൻ (വൗച്ചർ നം.21500256/13.07.15—29407) താഴെ പറയും പ്രകാരം തിരിച്ചു നൽകിയതായി കാണുന്നു.

| പേര്/ഉദ്യോഗപ്പേര് | കാലയളവ് | തുക |
|---|---|---|
| ശ്രീ.അജിത്ത് കൃഷ്ണൻ,എൽ.ഡി.സി. | 1/14 | 52x1=52 |

| | | |
|---|---|---|
| | 2/14 മുതൽ 5/14 വരെ | 1620x4=6480 |
| | 6/14 മുതൽ 12/14 വരെ | 1720x7=12040 |
| | 1/15 മുതൽ 2/15 വരെ | 1766x2=3532 |
| | 3/15 മുതൽ 5/15 വരെ | 1838x3=5514 |
| ശ്രീമതി.ശ്രീജ,എൽ.ഡി.സി. | 5/15 | 1789x1=1789 |
| ആകെ | | 29407 |

റിക്കവറി നടത്തിയ തുക ഏത് അക്കൗണ്ടിൽ അടവാക്കണമെന്ന നിർദ്ദേശമൊന്നും ലഭിക്കാത്തതിനാലാണ്,തുക തിരികെ നൽകിയതെന്ന് ഫയലിലെ കുറിപ്പിൽ നിന്നും മനസ്സിലാവുന്നു.6/15,7/15,8/15 മാസങ്ങളിൽ റിക്കവറി ചെയ്യുകയുണ്ടായില്ല. 9/15 മുതൽ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുകയും,പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ (നം.67336390966 എസ്.ബി.ടി,തിരുവനന്തപുരം)ചലാൻ വഴി അടച്ചു വരുകയും ചെയ്യുന്നുണ്ട്.പഞ്ചായത്ത് ഡയറക്ടറുടെ ജി4/22677/14/20.09.16 കത്ത് പ്രകാരം,കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം അടവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 6.02.15,2.08.15 തീയതികളിലെ കത്തുകളിൽ,അറിയിച്ചിരുന്നതായും,പെർമനന്റ് റിക്രൂട്ട്മെന്റ് അക്കൗണ്ട് നമ്പർ(PRAN),എടുത്തിട്ടും,നാളിതു വരെ പെൻഷൻ അടവാക്കാതിരിക്കുന്നത് എസ്റ്റാബ്ലിഷ്മെന്റ് ക്ലർക്കിന്റെയും,സെക്രട്ടറിയുടെയും വീഴ്ചയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും,29407 രൂപ തിരികെ ഈടാക്കി,തുല്യമായ പഞ്ചായത്ത് വിഹിതവും ചേർത്ത് പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.6/15,7/15,8/15 മാസങ്ങളിലെ വിഹിതം കൂടി ഈടാക്കി അടവാക്കേണ്ടതാണ്.

## 3-2 <u>തെരുവു വിളക്ക് റിപ്പയർ--പ്രവൃത്തി പൂർത്തീകരിച്ചില്ല.</u>

പ്രൊജക്ട് നം.5/15-16

വൌച്ചർ നം.21501023/30.03.16—50287

നിർവ്വഹണം--സെക്രട്ടറി.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന്,ശ്രീ അരുൺ കുമാർ മാങ്ങോട്ട് എന്നയാളെ ടെണ്ടർ മുഖേന ഏൽപ്പിച്ചിരുന്നു.ഗ്രാമ പഞ്ചായത്തും,ടിയാനും തമ്മിൽ ഒപ്പു വച്ച ഉടമ്പടി പ്രകാരം,29 ട്യൂബ് ലൈറ്റുകൾ,136 സി.എഫ്.എൽ ബൾബുകൾ എന്നിവയാണ് റിപ്പയർ ചെയ്യാനുണ്ടായിരുന്നത്.ഒരു വർഷത്തേക്കായിരുന്നു,കരാർ,കരാർ വ്യവസ്ഥ പ്രകാരം ആകെ ചെലവിന്റെ (84685) 60% തുക മേൽപ്പറഞ്ഞ വൌച്ചർ പ്രകാരം നൽകി.എന്നാൽ ബാക്കി തുക പിന്നീട് അനുവദിച്ചതായി കാണുന്നില്ല.പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.50287 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 <u>തൊഴുത്ത് നിർമ്മാണം--സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.</u>

പ്രൊജക്ട് നം.21/16

നിർവ്വഹണം--വെറ്ററിനറി സർജൻ

ബിൽ നം.1/15-16/26.12.15—67500

ബിൽനം.5/15-16/29.01.16---75000

ബിൽ നം.7/15-16/24.02.16---82500

ബിൽ നം.15/15-16/31.03.16--142500

ആകെ 367500

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം,49 ഗുണഭോക്താക്കൾക്ക് 7500 രൂപ പ്രകാരം തൊഴുത്തു നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്.ജി.ഒ.(എം.എസ്)362/13 തസ്വഭവ/16.11.13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പറിൽ,ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തണമെന്ന് പറയുന്നുണ്ട്.എന്നാൽ ഈ മാർഗ്ഗ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം-വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല.

1.പ്രോജക്ട് നം.43/16(എസ്.സി.--വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ)

ബിൽ നം.4/15-16//29.03.16---98022

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

2.പ്രോജക്ട് നം.44/16(ടി.എസ്.പി.--വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ

ബിൽ നം.2/15-16//29.03.16---98022

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഭാഗമായി,താഴെപ്പറയുന്ന ഫർണ്ണീച്ചർ സാധനങ്ങൾ,വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| പഠനോപകരണം/ഫർണ്ണീച്ചർ | വാങ്ങിയ സ്ഥാപനം | തുക നൽകിയതിന്റെ വിവരം |
|---|---|---|
| സ്റ്റീൽ ടേബിൾ(25എണ്ണം)<br>ഫൈബർകസേര(25എണ്ണം) | സിഡ്കോ,മഞ്ചേരി | 98022(എസ്.സി.പി)<br>—934207/30.03.16 |

| പഠനോപകരണം/ഫർണ്ണീച്ചർ | വാങ്ങിയ സ്ഥാപനം | തുക നൽകിയതിന്റെ വിവരം |
|---|---|---|
| സ്റ്റീൽ ടേബിൾ(25എണ്ണം)<br>ഫൈബർ കസേര(25എണ്ണം) | സിഡ്കോ,മഞ്ചേരി | 98022(ടി.എസ്.പി)<br>—934205/30.03.16 |

ജി.ഒ,(എം.എസ്)362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം,പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്,4000 രൂപ എന്ന പരിധിക്ക് വിധേയമായി,ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങി നൽകാൻ,അനുമതിയുണ്ട്.എന്നാൽ,ബന്ധപ്പെട്ട വകുപ്പിൽ നിന്നോ,മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ,ഉപകരണങ്ങൾ കിട്ടിയിട്ടില്ലെന്ന് ഉറപ്പു വരുത്തണം.മേൽപ്പറഞ്ഞ സാധനങ്ങൾ,മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് ഹെഡ്മാസ്റ്റർമാർ സാക്ഷ്യ പത്രം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രം വകുപ്പുകളിൽ നിന്നും ഹാജരാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാഭ്യാസമേഖലയിൽ പണം ചെലവഴിച്ചു.

ജി.ഒ.(എം.എസ്)362/2013/തസ്വഭവ തീ.16.11.13-പ്രകാരം,പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും,പഠനനിലവാരം ഉയർത്തുന്നതിനുമുള്ള നിരവധി പരിപാടികൾ എസ്.എസ്.എ.നടപ്പിലാക്കി വരുന്നതിനാൽ,അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ,ആവർത്തനം

ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ,അച്ചടി,മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ,ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ സർക്കാരിൽ നിന്നും അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ്.

എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ, സമഗ്ര വിദ്യാഭ്യാസ പരിപാടിക്കായി(പ്രൊജക്ട് നം.42/15-16)താഴെപ്പറയും പ്രകാരം പണം ചെലവഴിച്ചതായി കാണുന്നു.

| ചെക്ക് നം/തീയതി | ചെലവിന്റെ വിശദവിവരം | റിമാർക്സ് |
|---|---|---|
| ചെക്ക്നം.91749/08.09.15--19760 | മഴവില്ല് പ്രവർത്തന പുസ്തകം 2-ാം ക്ലാസ്സ്<br>മിന്നാമിന്നി 4ാം ക്ലാസ്സ്<br>ഇവ അച്ചടിച്ചതിനുള്ള ചെലവ് | മേൽ ഉത്തരവിന് വിരുദ്ധമായി തുക തെലവഴിച്ചു. |
| ചെക്ക്നം.900125/26.10.15--21450 | പ്രവർത്തന പുസ്തകങ്ങൾ(സ്ലേറ്റ്) അച്ചടിച്ചതിന്റെ ചെലവ്. | |
| ചെക്ക്നം.1474453/17.03.16--76614 | LSS/USS സ്കോളർഷിപ്പ് പരിശീലനം,ബോധവൽക്കരണ ക്യാമ്പുകൾ | |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. ചെലവു തുക 117824/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ. ബേബി.പി.ജോർജ്, ഹെഡ്മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 <u>ആശ്രയ പദ്ധതി</u>

2014-17 കാലയളവിലേക്കായുള്ള രണ്ടാം ഘട്ട പദ്ധതിയാണിപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്.പദ്ധതിക്കായി താഴെപ്പറയും പ്രകാരം ഫണ്ട് ലഭ്യമായത്,ബാങ്കിൽ(അക്കൗണ്ട് നം.6735 കെ.ജി.ബി.ഞെട്ടിക്കുളം)അക്കൗണ്ട് ചെയ്തിട്ടുണ്ട്.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് | 500000 |
| ചലഞ്ച് ഫണ്ട് | 466533 |

.2015-16-ൽ ഭക്ഷണം,വിദ്യാഭ്യാസം എന്നിവക്കായി യഥാക്രമം 324462,48600 എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വീട് നിർമ്മാണത്തിനായി 190000 രൂപയും ചെലവഴിച്ചു.അക്കൗണ്ടിൽ 1.11.16 ന് 298133 രൂപ ശേഷിക്കുന്നുണ്ട്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പായി ബാങ്ക് അക്കൗണ്ടിൽ 1.11.16 ന് 1091752 രൂപ അവശേഷിക്കുന്നുണ്ട്.ടി തുക ചെലവഴിക്കുന്നതിനായി തുടർ സേവന പാക്കേജ് ആരംഭിച്ചിട്ടില്ല.10-11 ന ശേഷം ഈ അക്കൌണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.പദ്ധതിയിലെ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ മുഴുവനായി നിറവേറ്റപ്പെട്ടിട്ടില്ല.അത്ജീവനാവശ്യങ്ങളും നിറവേറ്റപ്പെടുന്നില്ല.വികസനഫണ്ട് അടക്കം ഭീമമായ തുക നിഷ്ക്രിയമായി ബാങ്ക് അക്കൌണ്ടിൽ ഉടരുകയാണ്.ഒന്നും രണ്ടും ഘട്ടങ്ങളിൽ പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | ഗുണം ലഭിച്ചവരുടെ എണ്ണം(ഒന്നാം ഘട്ടം) | ഗുണം ലഭിച്ചവരുടെ എണ്ണം(രണ്ടാം ഘട്ടം) |
|---|---|---|---|---|
| പ്രൊജക്ട പ്രകാരം വീട് ആവശ്യമുള്ളവർ | 79 | 5 | 56 | 1 |
| സ്ഥലം ആവശ്യമുള്ളവർ | 5 | - | 2 | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | - | 12 | ഇല്ല | ഇല്ല |
| വീട് റിപ്പയർ | ഇല്ല | 12 | ഇല്ല | ഇല്ല |
| കറന്റ് ആവശ്യമുള്ളവർ | 70 | - | - | - |

സമൂഹത്തിലെ ഏറ്റവും ദരിദ്രരും,നിരാലംബരുമായ ഗുണഭോക്താക്കളുടെ,അടിസ്ഥാന,അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്,പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.ഒന്നാം ഘട്ടത്തിലെ ബാലൻസ് തുക വർഷങ്ങളായി ചെലവു നടക്കാത്തതിനാൽ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-7 കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ- അപാകതകൾ

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വിത്ത്,ജൈവ വളം,രാസവളം,കുമ്മായം,ജൈവ കീടനാശിനി എന്നിവക്ക് കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പ്രൊജക്ടുകളിലെല്ലാം ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉൽപ്പാദനോപാധികളൊന്നും വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ ഈ ചെലവുകൾ നടന്നിട്ടുണ്ടെന്ന് ഉറപ്പു വരുത്താനാവില്ല.കൃഷിഭൂമിയുടെ വിസ്തൃതിയ്ക്ക് ആനുപാതികമായി കർഷകരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് തുക നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഫയലിലുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| നെൽകൃഷി വികസനം<br>പ്രൊ.നം.S0014/16 | 9840 (വികസന ഫണ്ട്)<br>ബി.നം.020/14201154<br>തി .19-03-2016 | 3 | വിത്ത്,ജൈവ വളം,രാസവളം,കുമ്മായം,ജൈവ കീടനാശിനി എന്നിവക്ക് തുക ചെലവഴിച്ചതിനുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| പച്ചക്കറി കൃഷി വ്യാപനം<br>പ്രൊ.നം.S0015/16 | 95500(ധന.ഗ്രാന്റ്)<br>ബി.നം.020/14201158<br>തി .19-03-2016 | 25 | വിത്ത്,ജൈവ വളം,കുമ്മായം, എന്നിവക്ക് തുക ചെലവഴിച്ചതിനുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല |

| പ്രൊജക്റ്റ് | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| വാഴ കൃഷി വികസനം -വനിത<br>പ്രൊ.നം.S0195/16 | 73455(വികസന ഫണ്ട്)<br>ബി.നം.020/14201156<br>തി .19-03-2016 | 33 | വിത്ത്,ജൈവ വളം,കുമ്മായം,ജൈവ കീടനാശിനി എന്നിവക്ക് തുക ചെലവഴിച്ചതിനുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| വാഴ കൃഷി വികസനം<br>പ്രൊ.നം.S0073/16 | 300000(വികസന ഫണ്ട്)<br>ബി.നം.020/14201160<br>തി .19-03-2016 | 92 | ,, |
| വെറ്റില കൃഷി പ്രോത്സാഹനം<br>പ്രൊ,നം.S0018/16 | 75000(വികസന ഫണ്ട്)<br>ബി.നം.020/14201155<br>തി .19-03-2016 | 33 | ജൈവ വളം,ജൈവ കീടനാശിനി എന്നിവക്ക് തുക ചെലവഴിച്ചതിനുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല |

രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 5,53,795/- രൂപ തടസ്സം ചെയ്യുന്നു.

## 3-8 മരുന്ന് ലഭ്യമായില്ല.

പദ്ധതിയുടെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കൽ

പ്രൊജക്ട് നമ്പർ : S0057/16.

ചെലവ് തുക : 2,00,000/- (വികസന ഫണ്ട്).

ബിൽ നമ്പർ : 1/15-16 തിയ്യതി. 29.02.2016.

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 2,00,000/- രൂപ DD No. 775712/01.03.2016 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പരിരക്ഷ ഹോംകെയർ പദ്ധതി,നടപ്പാക്കിയതിൽ അപാകത

പോത്തുകല്ല് ഗ്രാമ പഞ്ചായത്തിൽ 415000 രൂപ വകയിരുത്തി S0032/16 നമ്പരായി നടപ്പാക്കിയ പരിരക്ഷാഹോംകെയർ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.വാഹനവാടക നൽകിയതിൽ അപാകത

29.10.2015-ലെ ജി.ഒ.(ആർ.ടി)3217/2015 പ്രകാരംഹോംകെയർ ടീമിന് രോഗികളുടെ വീടുകളിലെത്തി പരിചരണം നൽകാൻ ആവശ്യമായ വാഹനം തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തണം .ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിലുള്ള വാഹനമോ ഇക്കാര്യത്തിനായി സൗജന്യമായി ലഭിച്ച വാഹനമോ ഇല്ലാത്ത പക്ഷം താഴെക്കൊടുത്ത പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വൊട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം

വാടകയ്ക്ക് എടുക്കേണ്ടത്.ക്വൊട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വൊട്ടേഷന്റെ കാലാവധി ആറുമാസമായിരിക്കും. ക്വൊട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക താഴെക്കൊടുക്കുന്നു.

| ദൂരം | 15-24km | 25-34km | 35-44km | 45-54km-ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധിതുക | 800 | 900 | 1000 | 1100 |

പ്രതി ദിനം 1750 രൂപ പ്രകാരമാണ് വാഹനത്തിന് വാടക നൽകിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റിൽ വാഹനം ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല. വാഹന വാടകയിനത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.(വാഹനനംKL.12C.1557)

| ബിൽനം,തിയ്യതി | തുക |
|---|---|
| 1/16 തി 24/7/15 | 23*1300=29900 |
| 2/15-16തി 25/8/15 | 24*1300=31200 |
| 4/15-16തി27/12/15 | 54*1300=70200 |
| 5/15-16തി20/1/16 | 12*1300=15600 |
| 6/15-16തി29/2/16 | 15*1300=19500 |
| 7/15-16തി26/3/16 | 28*1300=36400 |

വാഹനം വാടകയ്ക്ക് എടുത്ത് പരിരക്ഷാഹോം കെയർ പദ്ധതിക്ക് ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2.ഭക്ഷണച്ചെലവ് ഇനത്തിൽ അധികതുക ചെലവഴിച്ചു

ജി.ഒ.(ആർ.ടി)3217/2015തി.29.10.2015 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ,ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി മൂന്നുപേർക്ക്)ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ്(ഒരാൾക്ക് ഒരു ദിവസം പരമാവധി60രൂപ) പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സിയുടെ തീരുമാന പ്രകാരം ചെലവഴിക്കാവുന്നതുമാണ്. ഇതനുസരിച്ച് ഒരു ദിവസം പരമാവധി180 രൂപ മാത്രമെ ഈ ഇനത്തിൽ ചെലവഴിക്കാൻ പാടുള്ളൂ.എന്നാൽ പ്രതിദിനം ഇതിലധികം തുക ഈ ഇനത്തിൽ ചെലവഴിച്ചതായും ആറു പേർക്ക് വരെ ഈ ഇനത്തിൽ ഭക്ഷണം നൽകിയതായും കാണുന്നു.ചെലവു വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം | ഇനം | തുക |
|---|---|---|
| 1/15-6 dt24/7/15 | ഭക്ഷണം23ദിവസം | 11500 |
| 12/15-16dt25/8/15 | ,,24ദിവസം | 12000 |
| 4/15-16dt27/12/15 | ,,54ദിവസം | 27000 |
| 5/15-16dt20/1/16 | ,,12ദിവസം | 6000 |
| 6/15-16dt29/2/16 | ,,15ദിവസം | 7500 |

സർക്കാർ നിർദ്ദേശം പാലിക്കാതെ അധിക തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 3-10 പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ ,നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ്

<u>ലഭ്യമാക്കിയില്ല.</u>

ആരോഗ്യകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ ആരോഗ്യ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ല എങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ വിൽ നിന്നും നോൺ അവയ് ലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയശേഷം ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാൻ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാവുന്നതാണ്(സ.ഉ.(എം.എസ്)362/2013 തിയ്യതി16.11.2013 ).പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് നം33/16, പ്രകാരം മരുന്ന് വാങ്ങുന്നതിന് ആകെ 679709രൂപചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഡി.എം.ഒ വിൽ നിന്നും എൻ.എ.സി ലഭ്യമാക്കാതെയാണ്പദ്ധതി തയ്യാറാക്കിയതും പണം ചെലവഴിച്ചതും. ജില്ലാമെഡിക്കൽ ഓഫീസർ, (ആരോഗ്യം)മലപ്പുറം-ന്റെ 28/1/2016 ലെ നമ്പർ സി4/2782/2016 സർക്കുലർ പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഔഷധലഭ്യത ഇല്ലായ്മ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യ പത്രത്തിന്റെ പകർപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകളാണോ ഈ പദ്ധതിപ്രകാരം വാങ്ങിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം ബിൽനം | പേര് | ചെലവഴിച്ച തുക |
|---|---|---|
| S0033/16 8/15-16 26/3/16 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 150000 |
| ,, 9/15-16 26/3/16 | ,, | 179709 |
| 10/15-16 26/3/16 | ,, | 350000 |

ഔഷധലഭ്യതഇല്ലായ്മ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 679709 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 <u>പ്രോജക്ട്നം **S0034** പി.എച്ച്.സിയുടെ വിവിധ ആരോഗ്യപ്രവർത്തനങ്ങൾ അപാകതകൾ</u>

മേല്പറഞ്ഞ പ്രോജക്ടിൽ ഉൾപ്പെടുത്തി പി.എച്ച്.സിയിൽ ലബോറട്ടറി ആരംഭിക്കുന്നതിന് വിവിധ വസ്തുക്കൾ വാങ്ങിയതിന് താഴെപ്പറയും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ വാറ്റ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെവിവരം | ബിൽനം/ഇനം | തുക/സ്ഥാപനം |
|---|---|---|
| പ്രോജക്ട്നംS0034 പി.എച്ച് സിയുടെ വിവിധ ആരോഗ്യ പ്രവർത്തനങ്ങൾ | ചെക്ക്നം0096460 dt6/8/15 അലുമിനിയം ഡോർ,ലാബ് ക്യാബിനെറ്റ് | 25140/- മാർവൽ അലുമിനിയം ഫാബ്രിക്കേഷൻ |
| | ,, ഫാൻ | 2000/- നവീൻ ഇലക്ട്രിക്കൽ ഏജൻസീസ് |

പ്രസ്തുത സ്ഥാപനങ്ങൾ വാറ്റ് ഉൾപ്പെടുത്താത്ത ബിൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്.അതിനാൽ വാറ്റ് ഇനത്തിൽ 1527 രൂപ (25140*5%=1257,2000*13.5%=270) വില്പന നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-12 ടെണ്ടർ കുറവ് പരിഗണിക്കാതെ പ്രവൃത്തിയുടെ തുക നൽകിയത് വഴി നഷ്ടം

പോത്തുകല്ല് ഗ്രാമ പഞ്ചായത്തിൽ 2015-16ൽ നടപ്പാക്കിയ പ്രോജക്റ്റ് നംപർ48/15 ആയുള്ള മൃഗാശുപത്രി നവീകരണം പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ 7% കുറവ് നിരക്കിൽ ശ്രീ .ഇ.അബൂബക്കർ സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും അതിൻ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.എന്നാൽ പ്രവൃത്തിയുടെ തുക നൽകിയപ്പോൾ ടെണ്ടർ കുറവ് ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്.താഴെപ്പറയും പ്രകാരം 7000രൂപ അധികം നൽകിയിട്ടുണ്ട്.ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| | നൽകാവുന്ന തുകയുടെ വിവരം |
| പ്രവൃത്തിയുടെമൂല്യം- | പ്രവൃത്തിമൂല്യം- |
| 100000-00 | 1,00,000 |
| | ടെണ്ടർ കഴിഞ്ഞുള്ള തുക- 93000 |
| (-)നികുതികൾ | (-)വാറ്റ് (4%)- 3720 |
| വാറ്റ്--4000 | നി.തൊ.ക്ഷേ.നിധി(1%)-930 |
| നി.തൊ.ക്ഷേ.നിധി--1000 | ആദായ നികുതി (41.03)-958 (-)4678 |
| ആദായനികുതി-------1030 | ------------- ---------------- 4678 |
| | കരാറുകാരന് നൽകാവുന്ന തുക 88322 |
| കരാറുകാരന് നൽകിയ തുക—93970(ബിൽനം30/18/1/16) | കരാറുകാരന് അധികം നൽകിയ തുക-5648 |
| | നികുതിയിനത്തിൽ അധികം അടവാക്കിയ തുക 6030-4678=1352/- |

## 3-13 ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയ റോഡ്പ്രവൃത്തികൾ ടാർ വിലയിനത്തിൽ അധിക തുക നൽകി

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികൾ ഡി.എസ്.ആർ 2014 അനുസരിച്ചുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ടാർ വില ടണ്ണിന് 50600 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.കൂടാതെ കോസ്റ്റ് ഇൻഡക്സ് 30.485% അനുവദിച്ചിട്ടുമുണ്ട്.ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികൾക്ക് ബിൽതുക നൽകുമ്പോൾഎഞ്ചിനിയർമാർ രേഖപ്പെടുത്തുന്ന അളവുകൾ അനുസരിച്ചുള്ള തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണോ കുറവ് ആ തുകയാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്.എന്നാൽ പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ചപ്പോൾ ടാർ വില50600*130.48%=66023 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഗുണഭോക്തൃ സമിതിക്ക് അവർ ഹാജരാക്കിയ ടാറിന്റെ ബിൽ പ്രകാരമുള്ള തുക മാത്രമേ നൽകേണ്ടതുള്ളൂ. ഇപ്രകാരം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഇനം ,അളവ് | ആവശ്യമായ ടാർ | ഡി.എസ്.ആർ പ്രകാരം വില | മാർക്കറ്റ് വില | അധിക നൽകിയ തുക |
|---|---|---|---|---|---|
| ഭൂദാനം കവളപ്പാറ റോഡ് ടാറിംഗ്<br>പ്രോജക്റ്റ്നം<br>169/16<br>ബിൽനം49/16തി19 /3/16,480000 | 16.30.1<br>745.എം2 | 0.075*745.20/100<br>=0.5589ടൺ | 36900 | 18181 | 18719 |
| | 16.32.1<br>745.20m2 | 0.144*745.2/100<br>=1.07309ടൺ | 70849 | 34908 | 35941 |
| | 16.41<br>745.20m2 | 0.098*745.20/100<br>=0.7303ടൺ | 48217 | 23757 | 24460 |
| ചിറ്റാമരുത് വി.പി.മുക്ക് റോഡ് ടാറിംഗ്<br>പ്രോജക്റ്റ്നം<br>123/16<br>ബിൽനം51/16തി.19/3/16 | 16.30.1<br>445.8m2 | 0.075*445.8/100<br>=0.3344 | 22078 | 11709 | 10369 |
| | 16.32.1<br>445.8m2 | 0.144*445.8/100<br>=0.641952 | 42384 | 21268 | 21116 |
| | 16.41<br>445.8m2 | 0.098*445.8/100<br>=0.4369 | 28845 | 14474 | 14371 |
| തമ്പുരാട്ടിക്കല്ല് ഫാംറോഡ് ടാറിംഗ്<br>പ്രോജക്റ്റ്നം119/16<br>ബിൽനം52/16തി19/3/16 | 16.30.1<br>29.75m2 | 0.075*29.75/100<br>=0.02231 | 1473 | 784 | 689 |
| | 16.30.2<br>145.21m2 | 0.050*145.21/100<br>=0.072605 | 4794 | 2550 | 2244 |
| | 16.32.1<br>174.96m2 | 0.144*174.96/100<br>=0.25194 | 16634 | 8848 | 7786 |
| | 16.41.<br>174.96m2 | 0.098*174.96/100<br>=0.17146 | 11320 | 6022 | 5298 |
| ആനക്കല്ല് അങ്കണവാടി-റോഡ് വീതി കൂട്ടിടാറിംഗ്<br>പ്രോജക്റ്റ് നം170/16<br>ബിൽനം65/16തി.30.3.16 | 16.30.1<br>324m2 | 0.075*324/100<br>=0.243 | 16044 | 7905 | 8139 |
| | 16.32.1<br>324m2 | 0.144*324/100<br>=0.46656 | 30804 | 15177 | 15627 |
| | 16.41<br>324m2 | 0.098*324/100<br>=0.31752 | 20964 | 10329 | 16350 |
| അമ്പിട്ടാം പൊട്ടി ശാന്തിഗ്രാംറോഡ് റീടാറിംഗ്<br>പ്രോജക്റ്റ്നം125/16<br>ബിൽനം<br>55/16തി.23/3/16 | ഒബ്ലേർവ്ഡ് ഡാറ്റ പോട്ട് ഹോൾ ഫില്ലിംഗ്<br>57.53m2 | 0.02*57.53/100<br>=0.011506 | 760 | 370 | 390 |
| | 16.30.1 | 0.075*85.29/100 | 4223 | 2059 | 2164 |

| | | | | | |
|---|---|---|---|---|---|
| | 85.29m2 | =0.06397 | | | |
| | 16.30.2 221.91m2 | 0.050*221.91/100 =0.11096 | 7326 | 3572 | 3754 |
| | 16.32.1 307.2m2 | 0.144*307.20/100 =0.44236 | 29206 | 14240 | 14966 |
| | 16.41 330m2 | 0.098*330/100 =0.3234 | 21352 | 10410 | 10942 |
| | | | | | |
| സൊസൈറ്റിപ്പടി റോഡ് ടാറിംഗ് പ്രോജക്റ്റ്നം126/16 ബിൽനം56/16തി23/3/16 | 16.30.2 112.05m2 | 0.050*112.05/100 =0.056025 | 3699 | 1803 | 1896 |
| | 16.30.1 190.62m2 | 0.075*190.62/100 =0.142965 | 9439 | 4602 | 4837 |
| | 16.32.1 302.67m2 | 0.144*302.67/100 0.4358 | 28772 | 14028 | 14744 |
| | 16.41 302.67m2 | 0.098*302.67/100 =0.2966 | 19582 | 9548 | 10034 |
| അതിരുവീട്ടി എസ്.സി കോളനി റോഡ് ടാറിംഗും കോൺക്രീറ്റിംഗും പ്രോജക്റ്റ്നം155/46 ബിൽനം35/16തി.25/2/16 | 16.30.1 164.55m2 | 0.075*164.55/100 =0.12341 | 8148 | 4334 | 3814 |
| | 16.32.1 164.55m2 | 0.144*164.55/100 =0.2369 | 15641 | 8320 | 7321 |
| | 16.41 164.55m2 | 0.098*164.55/100 =0.161259 | 10647 | 5663 | 4984 |
| കവളപ്പാറ പട്ടികവർഗ്ഗ കോളനി റോഡ് പ്രോജക്റ്റ്നം162/16 ബിൽനം40/16തി.29/2/16 | 16.30.1 543.90m2 | 0.075*543.90/100 =0.4079 | 26931 | 13265 | 13666 |
| | 16.32.1 543.90m2 | 0.144*543.90/100 =0.7832 | 51709 | 25470 | 26239 |
| | 16.41 543.90m2 | 0.098*164.55/100 =0.16126 | 10647 | 5244 | 5403 |
| പനങ്കയംകൊട്ടപ്പാറ റോഡ് ടാറിംഗ് പ്രോജക്റ്റ്നം147/16 ബിൽനം82/30.3.16 | 16.30.1 240m2 | 0.075*240/100 =0.18 | 11884 | 5854 | 6030 |
| | 16.32.1 240m2 | 0.144*240/100 =0.3456 | 22818 | 11239 | 11579 |
| | 16.41 240m2 | 0.098*240/100 =0.2352 | 15529 | 7649 | 7880 |
| ഭൂദാനം കയറ്റിറോഡ് | 16.30.1 | 0.075*542.25/100 | 26852 | 13226 | 13626 |

| | | | | | |
|---|---|---|---|---|---|
| | 542.25m2 | =0.4067 | | | |
| ടാറിംഗ് പ്രോജക്റ്റ്നം116/16 ബിൽനം79/30.3.16 | 16.32.1 542.25m2 | 0.144*542.25/100 =0.7808 | 51551 | 25392 | 26159 |
| | 16.41 542.25m2 | 0.098*542.25/100 =0.5314 | 35085 | 17281 | 17804 |
| പള്ളിപ്പടികപ്പക്കുന്ന് റോഡ് ടാറിംഗ് പ്രോജക്റ്റ്നം99/16 ബിൽനം84/30.3.16 | 16.30.1 472.20m2 | 0.075*472.20/100 =0.35415 | 23382 | 11499 | 11883 |
| | 16.32.1 472.20m2 | 0.144*472020/100 =0.68 | 44896 | 22080 | 22816 |
| | 16.41 472.20m2 | 0.098*472.2/100 =0.463 | 30569 | 15034 | 15535 |
| പൂളപ്പാടം കൊട്ടപ്പാടം റോഡ്ടാറിംഗ് പ്രോജക്റ്റ്നം188/16 ബിൽനം83/30.3.16 | 16.30.1 172.20m2 | 0.075*172.20/100 =0.12915 | 8527 | 4219 | 4308 |
| | 16.32.1 172.20m2 | 0.144*172.20/100 =0.248 | 16374 | 8102 | 8272 |
| | 16.41 172.20m2 | 0.098*113.85/100 =0.111573 | 7366 | 3645 | 3721 |

ഇക്കാര്യം ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തിയുടെ ആകെ ചെലവ് മൂല്യ നിർണ്ണയ തുകയേക്കാൾ കൂടുതലാണെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബിറ്റുമെന്റിന്റെ വില മാർക്കറ്റ് വിലയിൽ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ അപാകതകൾ.

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോളുകളിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2.നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് താരതമ്യ പഠനം നടത്തുകയോ .ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.അപൂർണ്ണമായ ബില്ലുകളാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.

3..നിശ്ചിത മാതൃകയിലുള്ള വരവുചെലവു കണക്കു പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

4..പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃസമിതി ആഴ്ച്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും പ്രസ്തുത വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയുചെയ്യേണ്ടതാണ്. എന്നാൽ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

5.കൺവീനറുടെ ദൈനംദിന ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണച്ചുമതലയുള്ള എഞ്ചിനിയർ,

പണി പരിശോധിയ്ക്കുന്ന വിദഗ്ധസമിതി അംഗങ്ങൾ, മോണിറ്ററിംഗ് സമിതി അംഗങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ദൈനം ദിന ഡയറിയിൽ എഴുതിസൂക്ഷിയ്ക്കേണ്ടതാണ്. ദൈനംദിന ഡയറി എഴുതി സൂക്ഷിയ്ക്കാത്തതിനാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

6..പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിനു മുമ്പായി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധന പൂർണ്ണമായി പാലിച്ചിട്ടില്ല.

7.പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ ലഭിച്ച ശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം വിളിച്ചു ചേർത്ത് വരവുചെലവുകണക്കുകൾ കൺവീനർ അവതരിപ്പിയ്ക്കുകയും അതിനു ശേഷം പ്രവൃത്തി നിർവ്വഹണകമ്മിറ്റി പിരിച്ചു വിടുകയും സംയുക്ത ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതുമാണ്.

അക്കൗണ്ടിൽ ബാക്കിയുള്ള സംഖ്യ പിൻവലിച്ച്ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. ഇത് പാലിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | ശാരീരിക - മാനസിക വെല്ലുവിളിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 0 | 50,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 947/2010 തി. 19.03.2010 | 1,50,00,000 | 75,00,000 | 15,00,000 | 5,15,754 | 60,00,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 971/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 2(1) | 596 | ശ്രീ.എം.ചിന്നതമ്പി, സെക്രട്ടറി | 11517101732 / 06.10.2015 |
| 2005-06 | 3(6)-3 | 375 | ശ്രീ.എം.ചിന്നതമ്പി, സെക്രട്ടറി | 11517101733 / 06.10.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46144871 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59536843 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 1489 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 124824 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,83,791 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | | |
| | ചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | |
| 2-2 | 589 | | ശ്രീ.എ.സി.മൊഹമ്മൂദ്, സെക്രട്ടറി |
| 2-4 | 900 | | ശ്രീ.എ.സി.മൊഹമ്മൂദ്, സെക്രട്ടറി - 400 രൂപ. |
| | | | ശ്രീ.ജോഫ്രി അൻസലം - 500 രൂപ. |
| 3-5 | | 117824 | ശ്രീ. ബേബി.പി.ജോർജ്,ഹെഡ്മാസ്റ്റർ |
| 3-12 | | 7000 | ശ്രീ.ശരത്.ബി.ജോഷി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50,287 | ശ്രീ.പി.കെ.മുരളീധരൻ, സെക്രട്ടറി |
| 3-7 | 5,53,795 | ശ്രീ.ബെന്നി സെബാസ്റ്റ്യൻ |
| 3-10 | 6,79,709 | ഡോ.സനോജ് അബ്ദുൾവഹാബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 12,83,791 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 1,527 (വാറ്റ്) | ഡോ.സനോജ് അബ്ദുൾവഹാബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എ.സി.മൊഹമ്മദ്, സെക്രട്ടറി | സോണൽ ഓഫീസർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സോണൽ ഓഫീസ്, പുഴാതി | വർഷരാഗം, പന്നൻപാറ, പള്ളിക്കുന്ന്.പി.ഒ, കണ്ണൂർ - 670004 |
| ശ്രീ. ബേബി.പി.ജോർജ്, എച്ച് .എം. | ഹെഡ്മാസ്റ്റർ, എരഞ്ഞിമങ്ങാട് ഗവൺമെന്റ് യു.പി.സ്കൂൾ | വെട്ടത്ത്, അകമ്പാടം, എരഞ്ഞിമങ്ങാട്.പി.ഒ. |
| ശ്രീ.ജോഫ്രി അൻസലം സെക്രട്ടറി | സെക്രട്ടറി, പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | സവിത നിവാസ്, പുളിയറ.പി.ഒ, മരിയാപുരം, തിരുവനന്തപുരം |
| ശ്രീ.ശരത്.ബി.ജോഷി അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി സെക്ഷൻ, മഞ്ഞള്ളൂർ, വാഴക്കുളം.പി.ഒ, എറണാകുളം | ബ്ലായിൽ വീട്, മറ്റൂർ, കാലടി.പി.ഒ, എറണാകുളം |
| ഡോ.സനോജ് അബ്ദുൾവഹാബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പോത്തുകല്ല് | എ.ആർ.എ 45, അമ്പലനഗർ, അമ്പലക്കുന്ന്, കവടിയാർ.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.5/1205/06 തി.22.03.2006 | 17 | |
| 2002-03 | എൽ.എഫ്.എം.5/2050/08 തി.26.02.2006 | 13 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 20 | |
| 2005-06 | എൽ.എഫ്.എം.5/1128/09 തി.21.12.2009 | 22 | |
| 2006-07 | എൽ.എഫ്.എം.6/12106/19(1) തി.05.05.2011 | 23 | |
| 2007-08 | എൽ.എഫ്.എം.6/1163/11തി.20.07.2011 | 17 | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2008-09 | എൽ.എഫ്.എം.6/1164/11 തി.18.07.2011 | 15 | |
| 2009-10<br>2010-11 | എൽ.എഫ്.എം.6/772/13 തി:13.05.2013 | 26 | |
| 2011-12<br>2012-13 | എൽ.എഫ്.എം.6/1255/15 തി:19.06.2015 | 23 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/2112/16 തീയതി 09-08-2016 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

No. KSAMPM.6/3160/2016

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 1-12-2016

CERTIFICATE

Certified that I have examined the Annual Financial Statement of Pothukal Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Pothuka Grama Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Pothuka Grama Panchayat
3. The Deputy Director of Panchayat, Malappuram
4. Office Copy.
5. Spare.

നം.കെ.എസ്.എ.എം.പി.എം.6/3160/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :19-12-2016

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

4. കാര്യാലയ പ്രതി.